**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2470** **12-10-2021 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത്പാറശ്ശാല മണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കിയ വിവിധ പദ്ധതികളും ഓരോ പദ്ധതിയിലും ചിലവഴിക്കപ്പെട്ട തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു. സംരംഭക സഹായ പദ്ധതി (ESS) : 61.05 ലക്ഷം രൂപ പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP) : 163.41 ലക്ഷം രൂപ നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി : 0.02ലക്ഷം രൂപ കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി(ASHA) : 3 ലക്ഷം രൂപ |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നില്ല.എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ വകുപ്പ് വഴി നിലവിൽ നടപ്പിലാക്കി വരുന്ന പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP), സംരംഭക സഹായ പദ്ധതി (ESS),നാനോ സംരംഭങ്ങൾക്കുള്ള മാർജിൻമണി ഗ്രാൻറ് പദ്ധതി(Scheme for margin money grant to nano units) , കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി(ASHA),വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി (Scheme for interest subvention on term loan and working capital loan),നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി,സംരംഭകത്വ വികസന ക്ലബ് പദ്ധതി,സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി , PMFME പദ്ധതി , പീഡിത വ്യവസങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി(The Kerala stressed MSMEs Revival & Rehabilitation Scheme) , പ്രവർത്തന രഹിതമായ |

| | | | |
|---|---|---|---|
| | | | MSME കൾക്കുള്ള പുനരുദ്ധാരണ പദ്ധതി (Revival and Rehabilitation scheme for Defunct MSMEs and Cashew processing Unit) മുതലായ പദ്ധതികൾ പാറശ്ശാല നിയോജക മണ്ഡലത്തിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായവകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതികളുടെ വിശദാംശം നൽകുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി തിരുവനന്തപുരം ജില്ലയിൽ വകുപ്പിന്റെ വിവിധ പദ്ധതികളായ സംരംഭകത്വസഹായപദ്ധതി, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ്, റിവൈവൽ ആൻഡ് റീഹാബിലിറ്റേഷൻ സ്കീം ഫോർ ഡിഫെങ്ക്ട് MSME ആൻഡ് കാഷ്യൂ പ്രോസസ്സിംഗ് യൂണിറ്റ്, വ്യവസായഭദ്രത പലിശ ഇളവ് പദ്ധതി , Prime Minister's Employment Generation Programme, എന്നിങ്ങനെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 1. സംരംഭക സഹായ പദ്ധതി - 37 യൂണിറ്റുകൾക്ക് 137.77 ലക്ഷം രൂപയുടെ സബ്സിഡി നൽകിയിട്ടുണ്ട് 2. മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ്- 5 യൂണിറ്റുകൾക്ക് 70,000 രൂപയുടെ grant നൽകിയിട്ടുണ്ട് 3. റിവൈവൽ ആൻഡ് റീഹാബിലിറ്റേഷൻ സ്കീം ഫോർ ഡിഫെങ്ക്ട് MSME ആൻഡ് കാഷ്യൂ പ്രോസസ്സിംഗ് യൂണിറ്റ് -ഒരു യൂണിറ്റിന് 3 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട് 4. വ്യവസായഭദ്രത പലിശ ഇളവ് പദ്ധതി - 16 യൂണിറ്റുകൾക്ക് 2 ലക്ഷം രൂപയുടെ സഹായം നൽകിയിട്ടുണ്ട് . 5. Prime Minister's Employment Generation Programme(PMEGP) - 29 യൂണിറ്റുകൾക്ക് 57.3 ലക്ഷം രൂപയുടെ margin moneyനൽകിയിട്ടുണ്ട്. |
| (ഡി) | വ്യവസായ മേഖലയിൽ യുവജനങ്ങളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

വ്യവസായ മേഖലയിൽ യുവജനങ്ങളെ സഹായിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ടെക്നോളജി ക്ലിനിക്കുകൾ നടത്തി വരുന്നുണ്ട്. ഇതു വഴി പുതിയ സാങ്കേതിക വിദ്യ സംരംഭകർക്ക് പരിചയപ്പെടുത്തുന്നതിനും ആ മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സാധിക്കുന്നു. കൂടാതെ International Labour Organisation അംഗീകരിച്ചിട്ടുള്ള പരിശീലന മാതൃകകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (KIED) ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധ ഇനം പരിശീലന പരിപാടികൾ സാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നു.

കൂടാതെ സമൂഹത്തിൽ സംരംഭകത്വസംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധപദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസനക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസനപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയുംചെയ്യുന്നു. കൂടാതെ യുവസംരംഭകരുടെ സംരംഭക ആശയങ്ങൾക്കുള്ള സഹായങ്ങൾ നൽകുന്നതിന് ജില്ലാ വ്യവസായകേന്ദ്രങ്ങളിൽ മിനി ബിസിനസ്ഇൻകുബേഷൻ സെന്ററുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ യുവജനങ്ങൾക്ക് ഉൾപ്പെടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന ധനസഹായപദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതികളിൽ യുവാക്കൾക്ക് പ്രത്യേക പ്രാധാന്യം നൽകിവരുന്നുണ്ട്.

1.വകുപ്പിന്റെ സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ45 % വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നുണ്ട്.ഇതിൽ 18 നും 45 നും ഇടയിൽ പ്രായമുള്ള യുവസംരംഭരെ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി അധികമായി 10 % സബ്സിഡി നൽകി വരുന്നുണ്ട്.

2.ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിലും യുവജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്.

സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്കാണ് പദ്ധതി വഴി സഹായം ലഭ്യമാകുന്നത്.പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും 40 വയസ്സു വരെയുള്ള യുവ സംരംഭകർ ഉൾപ്പെടുന്ന മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

മേൽ പറയുന്നവ കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ - ചെറുകിട -ഇടത്തരം വ്യവസായങ്ങളെ സംരക്ഷിയ്ക്കുന്നതിനും പ്രോത്സാഹിപ്പിയ്ക്കുന്നതിനും വേണ്ടി നടപ്പിലാക്കുന്ന താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ യുവജനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നവയാണ്.

1.നാനോ ഗാർഹിക സംരംഭകര്ക്കുള്ള പലിശ സബ്സിഡി പദ്ധതി

2.കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

3.സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി

4.പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

5.സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

Arun.m.s.

സെക്ഷൻ ഓഫീസർ